# -KITE

ഇ - കൈറ്റ്

പ്രതിമാസ വാർത്താ പത്രിക

JUNE EDITION

EMSS GHSS GOVT. HIGHER SECONDARY SCHOOL - PAPPINISSERI


## പ്രവേശനോത്സവം 2024-25



വളപട്ടണം പുഴയോരത്ത് നിന്ന് ഏകദേശം ഒരു കിലോമീറ്റർ ദൂരം പഴയങ്ങാടി ഭാഗത്തേക്ക് പോകുന്ന റോഡിൽ റെയിൽവേ മേൽപ്പാലം കഴിഞ്ഞ് 100 മീറ്റർ അകലെ പാപ്പിനിശ്ശേരി പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തായാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. പാപ്പിനിയുടെ നാട് എന്ന അർത്ഥത്തിലാണ് പാപ്പിനിശ്ശേരി എന്ന പേര് വന്നതെന്ന് പറയപ്പെടുന്നു. മതസൗഹാർദത്തിന്റെ ഈറ്റില്ലമായ പാപ്പിനിശ്ശേരിയിലെ ഏറ്റവും വലിയ ഈ സ്കൂൾ കരിക്കൻകുളത്തിനടുത്ത് ഒരു നെയ്ത്ത് കമ്പനിയുടെ മുറിയിൽ 1967-ൽ ആരംഭിച്ചു.
1969-ൽ ഇന്നുനിൽക്കുന്ന സ്ഥലത്തേക്ക് മാറി. 1998-ൽ ഹയർസെക്കന്ററി ആരംഭിച്ചു. ആദ്യം പഞ്ചായത്തിന്റെ കയ്യിലായിരുന്ന സ്കൂൾ 2010-ൽ ശ്രീ.വി.എസ്. അച്യുതാനന്ദൻ മന്ത്രി സഭയുടെ കാലത്ത് ഗവൺമെന്റ് ഏറ്റെടുക്കുകയും ഇ.എം.സ് സ്മാരക ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ എന്ന പേര് നൽകുകയും ചെയ്തു.
2024-2025 അധ്യയന വർഷത്തെ പ്രവേശനോത്സവത്തിന്റെ ഭാഗമായി SPC,JRC,LITTLE KITES അംഗങ്ങൾ പുതിയ കുട്ടികളെ സ്നേഹത്തോടെ വരവേറ്റു

## പരിസ്ഥിതിദിന പരിപാടികൾ സംഘടിപ്പിച്ചു

ഇ.എം.എസ് സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ജൂൺ 5-ന് പരിസ്ഥിതി ദിനം സയൻസ്,പരിസ്ഥിതി,ഹിന്ദി,JRC,SPC എന്നീ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിപുലമായി ആഘോഷിച്ചു . എച് എം ഇൻ ചാർജ് ദിനേശ് ബാബു മാസ്റ്റർ വൃക്ഷത്തൈ നടൽ ഉദ്ഘാടനം നിർവഹിച്ചു . തുടർന്ന് എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾ പരിസ്ഥിതിദിന പ്രതിജ്ഞയെടുത്തു .പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്വിസ് മത്സരവും ,പോസ്റ്റർ പ്രദർശനവും സംഘടിപ്പിച്ചു .പരിസ്ഥിതി ദിന ക്വിസ്സിൽ ശ്രാവൺ(8C) ഒന്നാം സ്ഥാനവും, സമ്യ (9D)രണ്ടാം സ്ഥാനവും ,വൈഗ(8E)മൂന്നാം സ്ഥാനവും കരസ്ഥമാക്കി . JRC ക്ലബ്ബ് "ഇത് ഞാൻ നട്ട ചെടി, ഈ ചെടി എന്നോടൊപ്പം വളരും" എന്ന മുദ്രാവാക്യത്തോട് കൂടി ,ഓരോ വീട്ടിലും ഒരു ചെടി എന്ന പരിപാടി സംഘടിപ്പിച്ചു .



പരിസ്ഥിതി ദിനം

പരിസ്ഥിതിദിന ക്വിസ് മത്സര വിജയികൾ



# വായനാദിനം ആചരിച്ചു





ജൂൺ 19 വായനാദിനം, വിവിധ പരിപാടികളോടെ ആചരിച്ചു.എല്ലാ ക്ലാസുകളിലും ക്ലാസ് ലീഡർമാരുടെ നേതൃത്വത്തിൽ വായനാദിന പ്രതിജ്ഞയെടുത്തു. മലയാളം, ഹിന്ദി, ഇംഗ്ലീഷ്, എന്നീ ക്ലബുകളുടെ നേതൃത്വത്തിൽ പി.എൻ . പണിക്കർ അനുസ്മരണം,ക്ലാസ് തല പുസ്തക പ്രദർശനം,പുസ്തകപരിചയം, വായന മത്സരം, സാഹിത്യ ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചു. വായന മത്സരത്തിൽ ദേവിക 8 D ഒന്നാം സ്ഥാനവും , മയൂഖ 9 B രണ്ടാം സ്ഥാനവും ,ശ്രാവൺ 8 C മൂന്നാം സ്ഥാനവും കരസ്ഥമാക്കി .സാഹിത്യ ക്വിസ് മത്സരത്തിൽ ശ്രാവൺ 8 C , വൈഗ 8 E, നാസിഹ വാഹിദ് 9 D ഇവർ യഥാക്രമം ഒന്ന് ,രണ്ട് , മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായി .

## ഗണിത ക്ലബ്

*GEOMETRICAL CHART, NUMBER CHART - WINNERS*







## പോക്സോ ബോധവത്കരണ ക്ലാസ്സ്

ലീഗൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ JRC യൂണിറ്റിലെ കുട്ടികൾക്കായി പോക്സോ ബോധ വത്കരണ ക്ലാസ് നടത്തി. കുട്ടികൾക്കു നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളെപ്പറ്റിയും, അതിനെതിരെയുള്ള നിയമങ്ങളെക്കുറിച്ചും ശിക്ഷാനടപടികളെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുക എന്നതായിരുന്നു ക്ലാസിന്റെ ലക്ഷ്യം . ചൂഷണത്തിനെതിരെ പ്രതികരിക്കേണ്ടതെങ്ങനെയാണെന്നും, പോക്സോ നിയമം എന്താണെന്നും കൃത്യമായ ഒരവബോധം കുട്ടികളിലുണ്ടാക്കുന്ന തരത്തിലായിരുന്നു ക്ലാസ് സംഘടിപ്പിച്ചത്.

## പേവിഷബാധ ബോധവത്കരണ ക്ലാസ് നടത്തി

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി പേവിഷബാധയ്ക്കെതിരെയുള്ള ബോധവത്കരണ ക്ലാസ് നടത്തി. പട്ടി, പൂച്ച തുടങ്ങിയ മൃഗങ്ങളുടെ കടി, മാന്തൽ മുതലായവയ്ക്കെതിരെ നടത്തേണ്ട കുത്തിവയ്പ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും, എന്തൊക്കെ പ്രാഥമിക ശുശ്രൂഷകളാണ് നൽകേണ്ടത് എന്നതിനെ കുറിച്ചുള്ള അവബോധം കുട്ടികളിലുണ്ടാക്കുന്നതിനായാണ് ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചത്.

# യോഗാദിനം ആചരിച്ചു




യോഗ ദിനത്തോടനുബന്ധിച്ച് SPC യൂണിറ്റിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. എച്ച്. എം. ഫായിസാബി ടീച്ചർ, എസ്.പി.സി CPO മാരായ ബിനീഷ് മാസ്റ്റർ, ധന്യ ടീച്ചർ ഇവർ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. യോഗാപരിശീലനം നേടിയ കുട്ടികളുടെ യോഗ അവതരണവും നടന്നു.

## SPC പ്രവേശന പരീക്ഷ 2024

2024-25 അധ്യയന വർഷത്തിൽ spc യൂണിറ്റിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കാനുള്ള പ്രവേശന പരീക്ഷ ജൂൺ 12ന് നടന്നു.തിരഞ്ഞെടുക്കപ്പെട്ടവരുടെ ശാരീരികക്ഷമത പരിശോധനയ്ക്ക് ശേഷം അന്തിമലിസ്റ്റ് ജൂൺ 19ന് പ്രസിദ്ധീകരിച്ചു.






# ലഹരിവിരുദ്ധദിന പരിപാടികൾ സംഘടിപ്പിച്ചു





ലഹരി വിരുദ്ധ ദിനമായ ജൂൺ 26ന് SPC,JRC, സോഷ്യൽ സയൻസ് ക്ലബ്ബ് ,ലഹരി വിരുദ്ധ ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. എല്ലാ ക്ലാസുകളിലെയും കുട്ടികൾ ക്ലാസ് ലീഡർമാരുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിന പ്രതിജ്ഞ എടുത്തു.SPC യൂണിറ്റ് ലഹരി വിരുദ്ധ റാലിയും പോസ്റ്റർ പ്രദർശനവും സംഘടിപ്പിച്ചു.സോഷ്യൽ സയൻസ് ക്ലബ് ലഹരി വിരുദ്ധ ദിന ക്വിസും, JRC ക്ലബ്ബ് ലഹരിവിരുദ്ധ പോസ്റ്റർ രചന മത്സരവും സംഘടിപ്പിച്ചു. ലഹരി വിരുദ്ധ ക്ലബ്ബും ,JRC യൂണിറ്റും സംയുക്തമായി ലഹരി വിരുദ്ധ പാർലമെൻറ് സംഘടിപ്പിച്ചു.

**JRC UNIT**
പോസ്റ്റർ രചന മത്സര വിജയികൾ




**SOCIAL SCIENCE CLUB**
ലഹരിവിരുദ്ധദിന ക്വിസ് മത്സര വിജയികൾ


ZAMYA 9D


VYGA 8E


JASRA 8D

## Little kites അഭിരുചി പരീക്ഷ

2024-27, ലിറ്റിൽ കൈറ്റ്സ് ബാച്ചിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി അഭിരുചി പരീക്ഷ ജൂൺ 15 ന് നടന്നു . എട്ടാം തരത്തിൽ പഠിക്കുന്ന 87 കുട്ടികൾ അപേക്ഷ നൽകുകയും പരീക്ഷ എഴുതുകയും ചെയ്തു . തുടർന്ന് ജൂൺ 24 ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധികരിച്ചു.

## JRC സെലക്ഷൻ ടെസ്റ്റ്

2024-25 അധ്യായന വർഷത്തിൽ,
JRC യൂണിറ്റിൽ
അംഗങ്ങളാകാനുള്ള
സെലക്ഷൻ ടെസ്റ്റ് ജൂൺ 24 ന് നടന്നു.
ജൂലൈ 9 ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കും.

## വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം





വായനാപക്ഷാചരണത്തോടനുബന്ധിച്ച് വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഔപചാരികമായ ഉദ്ഘാടനം ജൂൺ 26ന് പ്രശസ്ത നാടക പ്രവർത്തകനും പ്രഭാഷകനുമായ ശ്രീ രവി ഏഴോം നിർവഹിച്ചു. ചടങ്ങിൽ സീനിയർ അസിസ്റ്റന്റ് ദിനേശ് ബാബു മാസ്റ്റർ ,ഹെഡ് മിസ്ട്രസ് ഫായിസാബി ടീച്ചർ, സ്മിത ടീച്ചർ, രഞ്ജിത ടീച്ചർ , രാമചന്ദ്രൻ മാസ്റ്റർ, എസ് ആർ ജി കൺവീനർ സുമ ടീച്ചർ, സുജാത ടീച്ചർ എന്നിവർ പങ്കെടുത്തു. കുട്ടികളുടെ കയ്യെഴുത്ത് മാസികകളായ 'നറുമൊഴി ', ' Drizzles' എന്നിവ പ്രകാശനം ചെയ്തു . 9 F ലെ അനസൂയ വായനാർപ്പിതം നൃത്തശില്പം അവതരിപ്പിച്ചു. ലിറ്റിൽ കൈറ്റ്സിലെ കുട്ടി ഫോട്ടോഗ്രാഫർമാർ ചടങ്ങിലെ നിറസാന്നിദ്ധ്യമായി.

## SPORTS NEWS

### സബ്ജില്ല സുബ്രതോ കപ്പ്






# ALERT

എല്ലാ വിദ്യാർത്ഥികളും 9.40നകം സ്കൂളിൽ എത്തിച്ചേരണം.
സ്കൂൾ യൂണിഫോം നിർബന്ധമായും ധരിക്കണം.
9, 10 ക്ലാസ്സിലെ കുട്ടികൾ നിർബന്ധമായും ഉച്ചഭക്ഷണം  കൊണ്ടുവരണം .
യാതൊരു കാരണവശാലും വിദ്യാർത്ഥികളെ സ്കൂളിന് പുറത്തേക്ക് വിടുന്നതല്ല.
ഓരോ പിരിയഡിനു ശേഷവും യാതൊരു കാരണവശാലും വിദ്യാർത്ഥികൾ പുറത്തിറങ്ങാൻ പാടില്ല.
മിഠായി  , ഐസ് ക്രീം  ,ബബിൾഗം എന്നിവ കോമ്പൗണ്ടിനുള്ളിൽ  ഉപയോഗിക്കാൻ പാടില്ല.
ഗേറ്റിനു പുറത്തോ അകത്തോ ഇവയുടെ പായ്ക്കറ്റുകൾ അലക്ഷ്യമായി വലിച്ചെറിയാൻ പാടില്ല.
തികച്ചും പ്ലാസ്റ്റിക്ക് രഹിത വിദ്യാലയമായിരിക്കണം നമ്മുടെ വിദ്യാലയം.
എന്നീ പൊതുനിർദേശങ്ങൾ എച്ച്.എം. ഫായിസാബി ടീച്ചർ കുട്ടികൾക്ക് നൽകി .സ്കൂളിന്റെ അച്ചടക്കത്തെ  ബാധിക്കുന്ന തരത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഗത്തു നിന്നുണ്ടായാൽ കർശന നടപടി സ്വീകരിക്കുമെന്നും എച്ച്.എം. അറിയിച്ചു .

## PLEASE VISIT US:

https://www.instagram.com/emssghsspappinisseri?igsh=ZmRpOHRxbWV2dXA5

https://www.facebook.com/share/Pu5bTpzC1krce9Hn/?mibextid=qi2Omg

https://www.youtube.com/@EMSSGHSSPAPPINISSERI